# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 35** **January 2020** **No. 01**

## എഡിറ്റോറിയൽ

ദൈവശ്വാസിയമായ എഴുത്തുകളാണ് ബൈബിളിൽ ഉള്ളത്. പഴയ നിയമവും പുതിയ നിയമവും കൂടിച്ചേർന്ന പുസ്തകത്തിലെ സത്യം ലോകത്തിലെ ഒരു മനുഷ്യനും അവഗണിക്കാവുന്നതല്ല. ക്രിസ്തുവിന്റെ മരണശേഷം നിലവിൽ വന്ന പുതിയ നിയമത്തിലാണല്ലൊ സുവിശേഷം ഉൾക്കൊണ്ടിരിക്കുന്നത്. സുവിശേഷം എന്നതു ക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർപ്പു എന്നിവയാണ്. യേശു ലോകത്തിലേക്കു വന്നു മനുഷ്യനായി ജനിച്ചതും ജീവിച്ചതും മരിക്കുവാനായിരുന്നു. പക്ഷെ അവൻ മരിച്ചതു നാം ജീവിക്കേണ്ടതിനായിരുന്നു. പലർക്കും ഈ ആത്മിക സത്യം ഒരു ഓർമ്മയായി ഇന്നും അവശേഷിച്ചിരിക്കയാണ്. ജഡികമായ ആവശ്യങ്ങൾക്കു വേണ്ടി യേശുക്രിസ്തുവിൽ ആശ്രയം വെച്ചുകൊണ്ടിരിക്കുന്നവർ ധാരാളമുണ്ട്. മതങ്ങളും മത സംഘടനകളും ഒരുപാടു കാര്യങ്ങൾ ചെയ്യുന്നുണ്ട്. പക്ഷെ അവർ ദൈവിക സത്യത്തിലേക്കു വരുന്നില്ല. പാരമ്പര്യ വിശ്വാസ പ്രമാണങ്ങളാലും മാനുഷ ഉപദേശങ്ങളാലും ആണ് ആളുകൾ നയിക്കപ്പെടുന്നത്. ആത്മാവിനെക്കുറിച്ചോ, ആത്മാവിന്റെ രക്ഷയെക്കുറിച്ചോ അവർ അധികം ചിന്തിക്കുന്നില്ല. അതുകൊണ്ടുണ്ടാകുന്ന ഫലം അവരുടെ ജീവിതത്തിൽ ദൃശ്യമാണ്.

പുതിയ നിയമത്തിൽ ക്രിസ്തുവുമായി ബന്ധപ്പെടുന്ന സുവിശേഷം ഒന്നു മാത്രമാണ്. കാരണം ക്രിസ്തുവിന്റെ യാഗത്താലാണ് നമ്മെ രക്ഷിക്കുന്നത്. ഭൂമിയിൽ മനുഷ്യരുടെ പാപങ്ങൾ മോചിക്കുവാനുള്ള അധികാരം മനുഷ്യപുത്രനാണുള്ളത്. അവൻ മാത്രമാണ് മനുഷ്യർക്കും ദൈവത്തിനും തമ്മിലുള്ള ഏക മദ്ധ്യസ്ഥൻ. മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റവൻ ക്രിസ്തു മാത്രമാണ്. മനുഷ്യവർഗ്ഗത്തെ പാപത്തിൽ നിന്നും ഉദ്ധരിച്ചു അവരെ നീതീകരിക്കുവാൻ അവൻ യോഗ്യനായി. പാപങ്ങളെ പോക്കി ശുദ്ധീകരിപ്പാൻ മതിയായ രക്തം ആയിരുന്നു ക്രിസ്തുവിന്റേത്. ക്രിസ്തുവിന്റെ കല്പനകൾ ആളുകൾ ഹൃദയപൂർവ്വം അനുസരിക്കുകയാണ് വേണ്ടത്. അപ്പൊസ്തലന്മാർക്കു ദൈവാത്മ നിയോഗം ലഭിച്ചു അവർ പ്രസംഗിക്കുകയും എഴുതുകയും ചെയ്തു. അങ്ങനെ വചനം പൂർണ്ണമായി എഴുതിയ ശേഷം അവർ തന്നെയോ, അല്ലെങ്കിൽ സ്വർഗ്ഗത്തിൽ നിന്നു ഒരു ദൂതനാണെങ്കിൽ പോലും നല്കപ്പെട്ട സുവിശേഷത്തിനു വിപരീതമായി മറ്റൊന്ന് അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ എന്നു തീർത്തു പറഞ്ഞിരിക്കുന്നു. ഇതിൽ നിന്നും സുവിശേഷത്തിന്റെ പ്രാധാന്യത്തെ മനസ്സിലാക്കാമല്ലൊ. കർത്താവിന്റെ വിശുദ്ധമായ സുവിശേഷം കലർപ്പില്ലാതെ ആളുകൾ സ്വീകരിച്ചാൽ അതിന്റെ ഫലം സ്പഷ്ടമാണ്.

ഇന്നു സുവിശേഷം പല രൂപത്തിലും ഭാവത്തിലും ലോകത്തിൽ കേൾക്കുന്നുണ്ട്. എന്നാൽ ഏതാണ് സത്യസുവിശേഷം അല്ലെങ്കിൽ മായം കലരാത്ത സുവിശേഷം അതാണ് ഏതൊരാൾക്കും ആവശ്യം. പാലിൽ മായം ചേർത്താൽ അതിന്റെ ഗുണം കുറയുമെന്നു സാധാരണക്കാർക്ക് അറിയാം. ഭക്ഷണപദാർത്ഥങ്ങളിൽ മായം ചേർത്താൽ രുചിവ്യത്യാസം ഉണ്ടാകുകയും, ഗുണനിലവാരം കുറയുകയും ചെയ്യും എന്നു മിക്കവാറും എല്ലാവർക്കും അറിയാം. പക്ഷെ ദൈവചിന്ത സംബന്ധിച്ചോ? എത്ര പേർ അതിൽ ശ്രദ്ധയുള്ളവരുണ്ട്? നാടോടുമ്പോൾ നടുവേ ഓടുന്ന സമീപനമാണ് ആളുകൾക്ക് ഉള്ളത്. ബഹുജനം എന്തു ചെയ്യുന്നു എന്നു നോക്കി അതു ചെയ്യുവാൻ പോകുന്ന ആളുക

ളുടെ സമൂഹത്തിലാണ് നാം ജീവിക്കുന്നത്. എന്താണ് അതിലുള്ള അപാകത? ആളുകൾ തെറ്റും ശരിയും മനസ്സിലാക്കുവാൻ പരിശോധന നടത്തുന്നില്ല. മറ്റെല്ലാ കാര്യങ്ങളും ആളുകൾ പരിശോധിച്ചാണ് വിലയിരുത്തുന്നത്. ആത്മീയ കാര്യങ്ങളിൽ മനുഷ്യരെ ആശ്രയിക്കുകയാണ്. മനുഷ്യരുടെ ബുദ്ധിയെ നേർവഴിക്കു തിരിക്കുവാനാണ് തിരുവചനം തന്നിരിക്കുന്നത്. ഏത് ആത്മാവിനെയും വിശ്വസിക്കരുത്, ഏതൊരു ഉപദേശത്തെയും ബൈബിളിൽ ഉണ്ടോ എന്നു പരിശോധിക്കാതെ സ്വീകരിക്കരുത്. പിതാവായ ദൈവത്തിന്റെ ഉപദേശം ആണ് എല്ലാവരും കേൾക്കേണ്ടത്. ക്രിസ്തു ഉപദേശിച്ചതൊക്കെയും പിതാവിന്റെ ഉപദേശമായിരുന്നു. അതുകൊണ്ടാണ് യോഹന്നാൻ പറഞ്ഞതു ക്രിസ്തുവിന്റെ ഉപദേശത്തിൽ നിന്നു അതിർ കടന്നു പോകുന്നവനു പിതാവും പുത്രനുംം ഇല്ല.

ആകയാൽ നിങ്ങൾ സത്യസുവിശേഷത്തെ അറിഞ്ഞിട്ടുണ്ടോ? ഇല്ലെങ്കിൽ അടുത്തുള്ള ക്രിസ്തുവിന്റെ സഭയുമായി ബന്ധപ്പെടുക. ആദ്യപടി ഒരാൾ സുവിശേഷം കേൾക്കണം. ക്രിസ്തുവിന്റെ വചനം കേട്ടിട്ടു വേണം വിശ്വസിക്കുവാൻ. ഹൃദയത്തിലാണ് വിശ്വാസം വേണ്ടത്. ഒരാൾ ദൈവത്തിലും ക്രിസ്തുവിലും വിശ്വസിച്ചാൽ അയാൾ മനസ്സുമാറ്റുകയാണ് വേണ്ടത്. അതായതു തന്റെ പാപവഴി ഉപേക്ഷിച്ചു ദൈവ വഴിയിലേക്കു തിരിയണം. തുടർന്നു മനുഷ്യരുടെ മുൻപാകെ യേശുവിനെ ഏറ്റു പറയണം. ഇത്രയും അനുസരണ പ്രക്രിയകൾ നമ്മിൽ നിന്നുണ്ടാകുമ്പോൾ, കർത്താവു നമ്മെ രക്ഷിക്കുകയും അവന്റെ സഭയോടു ചേർക്കുകയും ചെയ്യും. പിന്നീട് നാം അവന്റെ സഭയിൽ വിശ്വസ്തമായി ജീവിക്കയും ചെയ്യണം. പുതിയ നിയമ സുവിശേഷം സർവ്വ മനുഷ്യർക്കുമുള്ളതാണ്. പക്ഷെ നമ്മെ രക്ഷിക്കുവാൻ ദൈവം വെച്ചിരിക്കുന്നത് സുവിശേഷമാണ്. അതുകൊണ്ടാണ് നന്മ സുവിശേഷിക്കുന്നവരുടെ കാൽ എത്ര മനോഹരം എന്നു പറഞ്ഞിരിക്കുന്നത്.

✶

# അവനെ ഉങപ്പോൾ തടുക്കാൻ സാധ്യമല്ല

**ഡേവിഡ് തർമാൻ**

ആത്മമരണത്തെ സംബന്ധിച്ചും മരണവുമായി മല്ലിടുന്നതിനെ സംബന്ധിച്ചും ലോകത്തിന്റെ കാഴ്ചപ്പാട് വ്യത്യസ്തമാണ്. പല തത്വസംഹിതകളും സിദ്ധാന്തങ്ങളും മരണവുമായി ബന്ധപ്പെട്ട് പ്രചരിപ്പിച്ചിട്ടുണ്ട്. പുനരവതാരത്തിന്റെ വക്കിലാണ് മരണമെന്ന് ചിലർ ധരിച്ചുവെച്ചിരിക്കുന്നു. ജീവിതത്തിലെ കഷ്ടതകളിൽ നിന്നുള്ള മോചനമാണ് മരണമെന്ന് വേറെ ചിലർ. മറ്റു ചിലർ വിശ്വസിച്ചിരിക്കുന്നതു മരണം സകലത്തിന്റേയും അന്ത്യമാണെന്നാണ്. മനുഷ്യർ എന്തെല്ലാം വിചാരിച്ചാലും മരണം എന്നതു വാസ്തവമാണ്. ഒരു ദിവസം അതു സംഭവിക്കും എന്ന കാര്യത്തിൽ സംശയമില്ല. അതിനെ തടയുവാൻ വൈദ്യശാസ്ത്രത്തിനും ഒരു മനുഷ്യനും സാദ്ധ്യമല്ല.

യേശുവിന്റെ മരണവും അതു കണ്ടു നിന്ന ആളുകളുടെ പ്രതികരണവും നാം തിരിച്ചറിഞ്ഞു. ക്രൂശിന്റെ കാഴ്ച ഭയാനകമായിരുന്നു. എങ്കിലും അവൻ മരണം ആസ്വദിച്ചു. അവനു ചുറ്റും നിന്ന പടയാളികളെ അതിശയിപ്പിക്കുമാറ് പെട്ടെന്ന് അവൻ മരിച്ചു. ആത്മാവിനെ തൃക്കരങ്ങളിൽ ഭരമേല്പിച്ചു എന്നാണ് നാം വായിക്കുന്നത്. യേശു തന്റെ ക്രൂശിലേക്കുള്ള യാത്ര പൂർത്തിയാക്കി. പക്ഷേ അവന്റെ മരണം അവസാനമായിരുന്നില്ല. മരണം അവനെ പിടിച്ചുവെക്കുന്നത് അസാദ്ധ്യമായിരുന്നു. അവനെ മരണത്തിൽ നിന്നു ഉയിർത്തെഴുന്നേല്ക്കുന്നത് തടയാൻ ആർക്കും കഴിഞ്ഞില്ല.

"സന്ധ്യയായപ്പോൾ അരിമഥ്യക്കാരനായ യോസേഫ് എന്ന ധനവാൻ താനും യേശുവിന്റെ ശിഷ്യനായിരിക്കയാൽ, പിലാത്തൊസിന്റെ അടുക്കൽ ചെന്നു യേശുവിന്റെ ശരീരം ചോദിച്ചു. പിലാത്തൊസ് അതു ഏല്പിച്ചു കൊടുപ്പാൻ കല്പിച്ചു.

യോസേഫ് ശരീരം എടുത്തു നിർമ്മല ശീലയിൽ പൊതിഞ്ഞു താൻ പാറയിൽ വെട്ടിച്ചിരുന്ന തന്റെ പുതിയ കല്ലറയിൽ വെച്ചു കല്ലറക്കു എതിരെ മഗ്ദലക്കാരി മറിയയും മറ്റെ മറിയയും ഇരുന്നിരുന്നു" (മത്തായി 27:57-61).

"ഒരുക്ക നാളിന്റെ പിറ്റേദിവസം മഹാപുരോഹിതന്മാരും പരിശന്മാരും പിലാത്തൊസിന്റെ അടുക്കൽ ചെന്നുകൂടി, യജമാനനേ, ആ ചതിയൻ ജീവനോടിരിക്കുമ്പോൾ മൂന്നുനാൾ കഴിഞ്ഞിട്ടു ഞാൻ ഉയിർത്തെഴുന്നേല്ക്കും എന്നു പറഞ്ഞ പ്രകാരം ഞങ്ങൾക്കു ഓർമ്മ വന്നു. അതുകൊണ്ട് അവന്റെ ശിഷ്യന്മാർ ചെന്നു അവനെ മോഷ്ടിച്ചു. അവൻ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റു എന്നു ജനത്തോടു പറയുകയും ഒടുവിലത്തെ ചതിവ് മുമ്പിലത്തേതിലും വിഷമമായി തീരുകയും ചെയ്യാതിരിക്കേണ്ടതിനു മൂന്നാം നാൾ വരെ കല്ലറ ഉറപ്പാക്കുവാൻ കല്പിക്ക എന്നു പറഞ്ഞു. പിലാത്തൊസ് അവരോട് കാവൽക്കൂട്ടത്തെ തരാം. പോയി നിങ്ങളാൽ ആകുന്നേടത്തോളം ഉറപ്പു വരുത്തുവിൻ എന്നു പറഞ്ഞു. അവർ ചെന്നു കല്ലിനു മുദ്ര വെച്ചു കാവൽക്കൂട്ടത്തെ നിറുത്തി എല്ലാം ഉറപ്പാക്കി" (മത്തായി 27;62-66). അവന്റെ മരണശേഷം ഇരുണ്ട രാത്രിയിൽ പലതും സംഭവിക്കുന്നുണ്ട്.

## ധൈര്യശാലികൾ അപ്പോഴും സാഹസത്തിൽ തന്നെ

യോസേഫ് തനിക്കു യേശുവിനോടുള്ള ബന്ധം ധൈര്യസമേതം തുറന്നു കാണിച്ചു. അവൻ പിലാത്തൊസിന്റെ അടുക്കൽ പോയി യേശുവിന്റെ ശരീരം ചോദിച്ചു. യോസേഫ് അതു ചെയ്യേണ്ട ആവശ്യമില്ലായിരുന്നു. അതു ചെയ്തതിന്റെ കാരണം യേശുവിലുള്ള അവന്റെ ആശ്രയവും അവനോടുള്ള ബഹുമാനവും ആണ്. എങ്ങനെയായാലും അവൻ ചെയ്തതു വലിയ സാഹസം തന്നെയായിരുന്നു. യേശുവിന്റെ ശത്രുക്കൾ യോസേഫിനെപ്പോലെയുള്ളവരെ നോക്കിയിരിക്കയാവും അവരെ പിടിച്ചു തടവിലാക്കുവാൻ. പിലാത്തൊസോ യെഹൂദന്മാരോ എന്തു ചെയ്യുമെന്ന് യോസേഫ് ചിന്തിച്ചില്ല. ശരിയായ കാര്യം ചെയ്യുന്നതിന് യോസേഫിനു മറ്റൊന്നും തടസമായിരുന്നില്ല.

ആ ഇരുണ്ട രാത്രിയിൽ യോസേഫിനെ പോലെയുള്ളവർ ചുറ്റും നിന്നു കാണും. പക്ഷേ ഒരാൾ മാത്രം ശരിയായ പ്രവൃത്തി ചെയ്യാൻ ധൈര്യപ്പെട്ടു. ദുഷ്ട മനുഷ്യർ മറ്റു ദുഷ്ടമനുഷ്യരുടെ മേൽ ആക്രമണം അഴിച്ചുവിടുമ്പോൾ പോലും ആരെങ്കിലും അവർക്കിടയിൽ നീതി പ്രവർത്തിക്കാനായി കാണും. രണ്ടാം ലോകമഹായുദ്ധ കാലത്ത് യഹൂദന്മാരെ യൂറോപ്പിൽ ഒളിവിൽ താമസിപ്പിച്ചിരുന്നു. കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങൾ സുവിശേഷം പങ്കിട്ടു, അതും ഭീഷണിയുടേയും, തടവിന്റേയും മരണത്തിന്റേയും മദ്ധ്യേ. ഇരുട്ടിന്റെ പ്രവൃത്തി എത്ര ഭയാനകമായാലും അവിടെയും വ്യക്തിപരമായ സാഹസം കണക്കിലെടുക്കാതെ നന്മ ചെയ്യുവാൻ മുന്നോട്ടു വരുന്നവർ കാണും.

✶

# ദൈവത്തെ സംബന്ധിച്ച വസ്തുതകൾ

**ജെ.സി. ചോട്ട്**

ദൈവത്തെ സംബന്ധിച്ച കാര്യങ്ങൽ മനസ്സിലാക്കുവാൻ നാം ഏതാനും ചോദ്യങ്ങൾ ചോദിക്കണം. ആദ്യം, ആരാണ് ദൈവം? അവന്റെ സ്വഭാവം എന്താണ്? അവൻ എവിടെ നിന്നു വന്നു? ഈ ചോദ്യങ്ങൾക്കും മറ്റനേകം ചോദ്യങ്ങൾക്കും തിരുവചനത്തിൽ ഉത്തരങ്ങൾ നല്കുന്നുണ്ട്. ദൈവം ആത്മാവാണ് എന്ന് ക്രിസ്തു പറഞ്ഞിരിക്കുന്നു. "ദൈവം ആത്മാവാകുന്നു, അവനെ നമസ്ക്കരിക്കുന്നവർ സത്യത്തിലും ആത്മാവിലും നമസ്ക്കരിക്കണം" (യോഹന്നാൻ 4:24). അതിന്റെ അർത്ഥം അവൻ ഭൗതികമായി മാംസരക്തങ്ങളോടു കൂടിയോ ഭൗതികമായ ഒരു രൂപത്തോടു കൂടിയോ അല്ല എന്നർത്ഥം. യോഹന്നാൻ എഴുതി, "ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല. നാം അന്യോന്യം സ്നേഹിക്കുന്നുവെങ്കിൽ ദൈവം നമ്മിൽ

വസിക്കുന്നു; അവന്റെ സ്നേഹത്തിൽ തികഞ്ഞുമിരിക്കുന്നു" (1 യോഹന്നാൻ 4:12). നാം വായിക്കുന്നതു ദൈവം ആദിയിൽ ഉണ്ടായിരുന്നു എന്നാണ്, അതായതു എല്ലാം സൃഷ്ടിക്കുന്നതിനു മുൻപ് ദൈവം ഉണ്ടായിരുന്നു. അവനാലത്രെ സകലവും സൃഷ്ടിക്കപ്പെട്ടത്. ഉല്പത്തി 1:1 പറയുന്നതു "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു" എന്നാണ്. ദൈവം ആരംഭമോ അവസാനമോ ഇല്ലാത്തവനത്രേ. അവൻ എപ്പോഴും ഉണ്ടായിരുന്നു. അവൻ എപ്പോഴും ഉണ്ടാകുകയും ചെയ്യും. അവൻ നിത്യനും ദൈവികത്വം ഉള്ളവനുമാണ്. അവൻ സർവ്വശക്തനാണ്, സർവ്വജ്ഞാനിയാണ്, സർവ്വവ്യാപിയാണ്, സർവ്വവും കാണുന്നവനും കേൾക്കുന്നവനുമാണ്. സങ്കീർത്തനക്കാരനായ ദാവീദ് പ്രഖ്യാപിച്ചു, "കർത്താവേ, തലമുറ തലമുറയായി ഞങ്ങളുടെ സങ്കേതമായിരിക്കുന്നു; പർവ്വതങ്ങൾ ഉണ്ടായതിന്നും ഭൂമണ്ഡലത്തെയും നിർമ്മിച്ചതിനും മുമ്പെ നീ അനാദിയായും ശാശ്വതമായും ദൈവം ആകുന്നു (സങ്കീർത്തനങ്ങൾ 9:1-2). ഈ ദൈവം എന്നും എന്നേക്കും നമ്മുടെ ദൈവം ആകുന്നു. അവൻ നമ്മെ ജീവപര്യന്തം വഴി നടത്തും" (സങ്കീർത്തനങ്ങൾ 48:14).

രണ്ട്, ഒന്നിലധികം ദൈവം ഉണ്ടോ? തിരുവെഴുത്ത് വീണ്ടും വീണ്ടും പറയുന്നു ദൈവം ഏകൻ മാത്രമെന്ന് അപ്പൊസ്തലനായ പൗലൊസ് പറയുന്നു. "എല്ലാവർക്കും മീതെയുള്ളവനും എല്ലാവരിലും കൂടി വ്യാപരിക്കുന്നവനും എല്ലാവരിലും ഇരിക്കുന്നവനുമായി എല്ലാവർക്കും ദൈവവും പിതാവുമായവൻ ഒരുവൻ" (എഫെസ്യർ 4:6). ദൈവം മോശെ മുഖാന്തരം യിസ്രായേൽ ജനത്തിനു പത്തു കല്പനകൾ കൊടുത്തു പറഞ്ഞു: "അടിമ വീടായ മിസ്രയീം ദേശത്തു നിന്നു നിന്നെ കൊണ്ടുവന്ന യഹോവയായ ഞാൻ നിന്റെ ദൈവം ആകുന്നു. ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കു ഉണ്ടാകരുത്. ഒരു വിഗ്രഹം ഉണ്ടാക്കരുത്; മീതെ സ്വർഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിന്റെ പ്രതിമയും അരുത്. അവയെ നമസ്കരിക്കയോ സേവി

ക്കയോ ചെയ്യരുത്. നിന്റെ ദൈവമായ യഹോവയായ ഞാൻ തീഷ്ണതയുള്ള ദൈവം ആകുന്നു. എന്നെ പകെക്കുന്നവരിൽ പിതാക്കന്മാരുടെ അകൃത്യം മൂന്നാമത്തെയും നാലാമത്തെയും തലമുറവരെ മക്കളുടെ മേൽ സന്ദർശിക്കയും എന്നെ സ്നേഹിച്ചു എന്റെ കല്പനകളെ പ്രമാണിക്കുന്നവർക്കു ആയിരം തലമുറവരെ ദയ കാണിക്കയും ചെയ്യും." (പുറപ്പാട് 20:2–6). നൂറു കണക്കിനു വർഷങ്ങൾക്കു ശേഷം അപ്പൊസ്തലനായ പൗലൊസ് പറഞ്ഞു, "പൗലൊസ് അരയോപക മദ്ധ്യേ നിന്നു കൊണ്ടു പറഞ്ഞതു, അഥേന പുരുഷന്മാരേ നിങ്ങൾ എല്ലാറ്റിലും അതിഭക്തർ എന്നു ഞാൻ കാണുന്നു. ഞാൻ ചുറ്റി നടന്നു നിങ്ങളുടെ പൂജാ സ്ഥാനങ്ങളെ നോക്കുമ്പോൾ "അജ്ഞാത ദേവന്നു" എന്ന് എഴുത്തുള്ള ഒരു വേദിക്കല്ലു കണ്ടു; എന്നാൽ നിങ്ങൾ അറിയാതെ പൂജിക്കുന്നതു തന്നെ ഞാൻ നിങ്ങളോടു അറിയിക്കുന്നു. ലോകവും അതിലുള്ളതു ഒക്കെയും ഉണ്ടാക്കിയ ദൈവം സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനാക കൊണ്ട് കൈപ്പണിയായ ക്ഷേത്രങ്ങളിൽ വാസം ചെയ്യുന്നില്ല. താൻ എല്ലാവർക്കും ജീവനും ശ്വാസവും സകലവും കൊടുക്കുന്നവൻ ആകയാൽ വല്ലതിനും മുട്ടുള്ളവൻ എന്നപോലെ മാനുഷ കൈകളാൽ ശുശ്രൂഷ ആവശ്യപ്പെടുന്നില്ല. ഭൂതലത്തിൽ എങ്ങും കൂടിയിരിപ്പാൻ അവൻ ഒരുത്തനിൽ നിന്നു മനുഷ്യജാതിയെ ഒക്കെയും ഉളവാക്കി. അവരുടെ നിവാസത്തിനു അതിരുകളും കാലങ്ങളും നിശ്ചയിച്ചു. അവർ ദൈവത്തെ തപ്പിനോക്കി കണ്ടെത്തുമോ എന്നു വെച്ചു അവനെ അന്വേഷിക്കേണ്ടതിനു തന്നേ. അവൻ നമ്മിൽ ആർക്കും അകന്നിരിക്കുന്നവനല്ല താനും. അവനിലല്ലോ നാം ജീവിക്കയും ചരിക്കയും ഇരിക്കയും ചെയ്യുന്നതു. അങ്ങനെ നിങ്ങളുടെ കവിവരന്മാരിലും ചിലർ "നാം അവന്റെ സന്താനമല്ലോ" എന്നു പറഞ്ഞിരിക്കുന്നു. നാം ദൈവത്തിന്റെ സന്താനം എന്നു വരികയിൽ ദൈവം മനുഷ്യന്റെ ശില്പ വിദ്യയും സങ്കല്പവും കൊണ്ടു കൊത്തിത്തീർക്കുന്ന പൊൻ, വെള്ളി, കല്ല് എന്നിവയോടു സദൃശം എന്നു നിരുപിക്കേണ്ടതല്ല" (പ്രവൃത്തികൾ 17:22–29).

അതെ ഈ ലോകത്തിൽ ധാരാളം ദേവന്മാരും ദേവതകളും ഉണ്ട്. ഇവയെല്ലാം മനുഷ്യനിർമ്മിതമാണ്. ഏതെല്ലാം രൂപത്തിലും ഭാവത്തിലും അവയെ കൊണ്ടുവരാമോ അതെല്ലാം മനുഷ്യർ ചെയ്യും. മരം കൊണ്ടും, കല്ലു കൊണ്ടും, ലോഹം കൊണ്ടും മറ്റെന്തു കൊണ്ടും അവർ ഉണ്ടാക്കും. ചില മനുഷ്യർ ദൈവമെന്ന് അവകാശപ്പെട്ടിട്ടുണ്ട്. അനേകർ പ്രകൃതിയെയും മൃഗങ്ങളെയും, പക്ഷികളെയും, ഇഴജാതികളെയും, സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും ആരാധിക്കുന്നവർ ഉണ്ട്. എന്നാൽ അവയെല്ലാം നശിച്ചുപോകുന്നവയാണ്. അവക്കൊന്നും പ്രതികരണശേഷിയില്ല. മനുഷഷ്യന്റെ ആവശ്യങ്ങൾ നിറവേറ്റുവാൻ ജീവനുള്ള ദൈവത്തിനു മാത്രമേ കഴിയൂ. മനുഷ്യനിർമ്മിതമായ വിഗ്രഹങ്ങൾക്കു മനുഷ്യരെ രക്ഷിപ്പാനും സാദ്ധ്യമല്ല. അതുകൊണ്ട് നാം അവയെ നമസ്ക്കരിക്കരുത്. അവയെ നമസ്ക്കരിച്ചാൽ ദൈവത്തെ തുച്ഛീകരിക്കുന്ന പ്രവൃത്തിയാണ്. ജീവനുള്ള ഏകസത്യദൈവമാണ് നമ്മെ സൃഷ്ടിച്ചത്. അവൻ ഇപ്പോഴും ജീവിക്കുകയും നമ്മെ സഹായിക്കയും രക്ഷിക്കയും ചെയ്യും. അവനിൽ മാത്രമാണ് നമുക്ക് പ്രത്യാശ ഉള്ളത്.

മൂന്ന്, ദൈവം ഉണ്ടെന്ന് നമുക്ക് എങ്ങനെ അറിയാം? അതിനു രണ്ടു വഴികൾ ഉണ്ട്. ആദ്യം, നമുക്കു ചുറ്റും കാണാവുന്ന വസ്തുക്കളിൽ നിന്ന്, അതായത് സൃഷ്ടികളിൽ നിന്നു തന്നെ, ലോകവും അതിലുള്ളതൊക്കെയും; അതിൽ നമ്മളും ഉൾപ്പെടുന്നു. ദൈവത്തെ തള്ളിക്കളഞ്ഞ്, സൃഷ്ടികളെ ദൈവമായി കരുതി ആരാധിച്ചു വന്നവരോടു അപ്പൊസ്തലനായ പൗലൊസ് പറഞ്ഞു, "ദൈവം തന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടി മുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെട്ടുവരുന്നു. അവർക്കു പ്രതിവാദമില്ലാതിരിക്കേണ്ടതിനു തന്നേ" (റോമർ 1:20). രണ്ട്, ദൈവം നമ്മോട് അവന്റെ വചനമായ ബൈബിളിൽ വെളുപ്പെടുത്തിയിരിക്കുന്നു. എബ്രായ ലേഖകൻ പറഞ്ഞു, "ദൈവം പണ്ടു ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോടു അരുളിച്ചെയ്തിട്ടു ഈ അന്ത്യ

കാലത്തു പുത്രൻ മുഖാന്തരം നമ്മോടു അരുളിച്ചെയ്തിരിക്കുന്നു. അവനെ താൻ സകലത്തിനും അവകാശിയാക്കി വെച്ചു. അവൻ മുഖാന്തരം ലോകത്തെയും ഉണ്ടാക്കി" (എബ്രായർ 1:1, 2). പിന്നെ പൗലൊസ് പറഞ്ഞു, "ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ നിങ്ങളെ പീഡിപ്പിക്കുന്നവർക്കു പീഡയും പീഡ അനുഭവിക്കുന്ന നിങ്ങൾക്കു ഞങ്ങളോടു കൂടെ ആശ്വാസവും പകരം നല്കുന്നതു ദൈവസന്നിധിയിൽ നീതിയല്ലൊ. ആ നാളിൽ അവൻ തന്റെ വിശുദ്ധന്മാരിൽ മഹത്വപ്പെടേണ്ടതിനും ഞങ്ങളുടെ സാക്ഷ്യം നിങ്ങൾ വിശ്വസിച്ചതു പോലെ വിശ്വസിച്ച എല്ലാവരിലും താൻ അതിശയ വിഷയം ആകേണ്ടതിനും വരുമ്പോൾ സുവിശേഷം അനുസരിക്കാത്തവർ കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്തോടു കൂടിയ മഹത്വവും വിട്ടകന്നു നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കും" (2 തെസ്സലൊനിക്യർ 1:710).

കർത്താവായ യേശു ഒരു ദിവസം തിരിച്ചു വരും. അതു ന്യായവിധി നടത്തുവാനാണ്. അങ്ങനെ ശിക്ഷിക്കുന്നതു രണ്ടു തരം ആളുകളെയാണ്. ദൈവത്തെ അറിയാത്തവരെയും കർത്താവിന്റെ സുവിശേഷം അനുസരിക്കാത്തവരെയുമാണ്. ദൈവമുണ്ടെന്നു എല്ലാവരും അറിയുകയും വിശ്വസിക്കയും വേണം (1 തിമൊഥെയൊസ് 2:4). ദൈവവചനത്തിൽ വെളിപ്പെടുത്തിയ സത്യം വായിക്കുകയോ കേൾക്കുകയോ ചെയ്തു വിശ്വസിക്കണം. ദൈവേഷ്ടത്തിൽ പെടുന്ന മറ്റൊരു കാര്യം യേശുക്രിസ്തുവിന്റെ യാഗത്തോടു ബന്ധപ്പെടണം എന്നതാണ്. യേശുവിന്റെ യാഗം മനുഷ്യരുടെ പാപ പരിഹാരത്തിനു വേണ്ടിയായിരുന്നു. സുവിശേഷം അനുസരിക്കുവാൻ ദൈവം വഴി ഒരുക്കിയിരിക്കുന്നു. കർത്താവിന്റെ കല്പനകൾ പ്രമാണിക്കാതെ സുവിശേഷം അനുസരിക്കാൻ സാദ്ധ്യമല്ല. അതനുസരിക്കാൻ കഴിയാതെ വന്നാൽ പുറന്തള്ളപ്പെടും. കർത്താവ് വീണ്ടും വരുമ്പോൾ സുവിശേഷം അനുസരിക്കാത്തവർക്ക് ശിക്ഷയാണ് ഫലം. ദൈവത്തിൽ വിശ്വസിച്ചു കർത്താവിന്റെ സുവിശേഷം അനുസരിക്കു

ന്നവരെ അവൻ രക്ഷിച്ച് തന്റെ സഭയോടു ചേർക്കും. അവൻ വരുമ്പോൾ അവരെ സ്വർഗ്ഗത്തിൽ നിത്യജീവനു ഓഹരിക്കാരാക്കുകയും ചെയ്യും (മർക്കൊസ് 16:15, 16).

നാല്, ദൈവത്തെക്കുറിച്ച് മറ്റു വസ്തുതകൾ എന്തൊക്കെയാണ്? ഒരു കാര്യം അവൻ സ്നേഹമാണ് എന്നതാണ്. സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല. ദൈവം സ്നേഹം തന്നേ (1 യോഹന്നാൻ 4:8). വേറൊരവസരത്തിൽ യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നു, "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നല്കാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹന്നാൻ 3:16). ദൈവം അവനെ ലോകത്തിലേക്ക് അയച്ചതു ലോകത്തെ വിധിപ്പാനല്ല, ലോകത്തെ രക്ഷിപ്പാനത്രേ. ദൈവം നമ്മെ ഇത്രമാത്രം സ്നേഹിച്ചു, തന്റെ പുത്രൻ ആ സ്നേഹം നമുക്കു കാണിച്ചുതന്നു. തിരിച്ചു നാം ഏതുരീതിയിലുള്ള സ്നേഹമാണ് ദൈവത്തോട് കാണിക്കുന്നത്? യേശു പറഞ്ഞു, "നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ മനസ്സോടും പൂർണ്ണാത്മാവോടും കൂടെ സ്നേഹിക്കണം. ഒരാൾ ദൈവത്തെ സ്നേഹിക്കുന്നുവെങ്കിൽ അയാൾ കർത്താവിന്റെ കല്പനകൾ അനുസരിക്കും (യോഹന്നാൻ 14:15).

ആകയാൽ ഇന്നും ദൈവം ഉണ്ടെന്നും, ദൈവം ഏകൻ ആണെന്നും, അവൻ ജീവനുള്ളവൻ ആണെന്നും നാം ദൈവത്തിൽ വിശ്വസിക്കുകയും അവന്റെ കല്പനകൾ അനുസരിക്കയും വേണം, തുടർന്നു അവനെ സേവിച്ച്, ആരാധിക്കയും ചെയ്തു വിശ്വസ്തമായി ജീവിച്ചാൽ ഈ ലോകത്തിലും വരുവാനുള്ള ലോകത്തിലും അവൻ നമ്മെ അനുഗ്രഹിക്കും. എന്നാൽ വിശ്വാസം കൂടാതെ നമുക്കു ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധ്യമല്ല (എബ്രായർ 11:6).

★

# തെറ്റായ തീരുമാനങ്ങൾ - നിത്യമായ ഫലങ്ങൾ

**ബെറ്റി ബർട്ടൺ ചോട്ട്**

## ദാമ്പത്യത്തിലെ പോരാട്ടങ്ങൾ

ദാമ്പത്യജീവിതം പ്രതിസന്ധികൾ ഉള്ളതാണെന്നു പറഞ്ഞാൽ അതിൽ അതിശയോക്തി കാണുകയില്ല. അതിന്റെ കാരണം നോക്കിയാൽ അതു തെറ്റായ തീരുമാനങ്ങൾ എടുക്കുന്നതു കൊണ്ടാണെന്ന് തിരിച്ചറിയാൻ കഴിയും. ഉല്പത്തി 1 ഉം 2 ഉം അദ്ധ്യായങ്ങൾ പരിശോധിച്ചാൽ ദൈവം ആകാശത്തെയും ഭൂമിയെയും മൃഗങ്ങളെയും പക്ഷികളെയും സസ്യങ്ങളെയും മാത്രമല്ല, തന്റെ സാദൃശ്യത്തിൽ ദൈവം ജീവനുള്ള മനുഷ്യരെയും സൃഷ്ടിച്ചു. "ദൈവം തന്റെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു, ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു. അതുകൊണ്ട് പുരുഷൻ അപ്പനെയും അമ്മയെയും വിട്ടിപിരിഞ്ഞു ഭാര്യയോടു പറ്റിച്ചേരും അവർ ഏകദേഹമായിത്തീരും" (ഉല്പത്തി 1:27; 2:24).

യേശു ഈ ഭൂമിയിൽ ആയിരുന്നപ്പോൾ അവനോടു വിവാഹത്തെക്കുറിച്ചും വിവാഹമോചനത്തെക്കുറിച്ചും ചോദിച്ചപ്പോൾ അവൻ അതിനു പ്രതികരിക്കുകയുണ്ടായി. "പരീശന്മാർ അവന്റെ അടുക്കൽ വന്നു ഏതുകാരണം ചൊല്ലിയും ഭാര്യയെ ഉപേക്ഷിക്കുന്നതു വിഹിതമോ എന്നു അവനെ പരീക്ഷിച്ചു ചോദിച്ചു. അതിനു അവൻ: സൃഷ്ടിച്ചവൻ ആദിയിൽ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു എന്നും അതു നിമിത്തം മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ടു ഭാര്യയോടു പറ്റിച്ചേരും; ഇരുവരും ഒരു ദേഹമായി തീരും എന്നു അരുളിച്ചെയ്തു എന്നും നിങ്ങൾ വായിച്ചിട്ടില്ലയോ? അതുകൊണ്ട് അവർ മേലാൽ രണ്ടല്ല, ഒരു ദേഹമത്രേ, ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യർ വേർപിരിക്കരുത് എന്നു ഉത്തരം പറഞ്ഞു" (മത്തായി 19:3-6).

മോശെയുടെ കാലത്ത് വിവാഹമോചനത്തിനു അനുവാദം കൊടുത്തതിനെക്കുറിച്ചു ചോദിച്ചപ്പോൾ യേശു പറഞ്ഞു. "നിങ്ങളുടെ ഹൃദയകാഠിന്യം നിമിത്തം അത്രേ ഭാര്യമാരെ ഉപേക്ഷിപ്പാൻ മോശെ അനുവദിച്ചത്. ആദിയിൽ അങ്ങനെ ആയിരുന്നില്ല. ഞാനോ നിങ്ങളോടു പറയുന്നതു പരസംഗം നിമിത്തം അല്ലാതെ ഭാര്യയെ ഉപേക്ഷിച്ചു മറ്റൊരുത്തിയെ വിവാഹം കഴിക്കുന്നവനും വ്യഭിചാരം ചെയ്യുന്നു." (മത്തായി 19:8-9).

ഭാര്യഭർത്തൃ ബന്ധത്തിന്റെ ഊഷ്മളമായ ബന്ധത്തെ നാം എഫെസ്യ ലേഖനം 5:22-23 വരെ വായിക്കുന്നുണ്ട്. "ഭാര്യമാരേ, കർത്താവിനു എന്ന പോലെ സ്വന്ത ഭർത്താക്കന്മാർക്കു കീഴടങ്ങുവിൻ. ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭക്കു തലയാകുന്നതു പോലെ ഭർത്താവ് ഭാര്യക്ക് തലയാകുന്നു. എന്നാൽ സഭ ക്രിസ്തുവിനു കീഴടങ്ങിയിരിക്കുന്നതു പോലെ ഭാര്യമാരും ഭർത്താക്കന്മാർക്കു സകലത്തിലും കീഴടങ്ങിയിരിക്കണം.

ഭർത്താക്കന്മാരേ, ക്രിസ്തുവും സഭയെ സ്നേഹിച്ചതു പോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ. അവൻ അവളെ വചനത്തോടു കൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിനു കറ, ചുളുക്കം, മുതലായതു ഒന്നും ഇല്ലാതെ സഭയെ ശുദ്ധവും നിഷ്ക്കളങ്കയുമായി തനിക്കുതന്നെ തേജസോടെ മുന്നിരുത്തേണ്ടതിനും തന്നെത്താൻ അവൾക്കു വേണ്ടി ഏല്പിച്ചുകൊടുത്തു അവ്വണ്ണം ഭർത്താക്കന്മരും തങ്ങളുടെ ഭാര്യമാരെ സ്വന്ത ശരീരങ്ങളെപ്പോലെ സ്നേഹിക്കേണ്ടതാകുന്നു. ഭാര്യയെ സ്നേഹിക്കുന്നവൻ തന്നെത്താൻ സ്നേഹിക്കുന്നു. ആരും തന്റെ ജഡത്തെ ഒരുനാളും പകെച്ചിട്ടില്ലല്ലോ; ക്രിസ്തുവും സഭയെ ചെയ്യുന്നതു പോലെ അതിനെ പോറ്റി പുലർത്തുകയത്രേ ചെയ്യുന്നത്... എന്നാൽ നിങ്ങളും അങ്ങനെ തന്നേ ഓരോരുത്തൻ താന്താന്റെ ഭാര്യയെ തന്നെപ്പോലെ തന്നെ സ്നേഹിക്കണം. ഭാര്യയോ ഭർത്താവിനെ ഭയപ്പെടേണ്ടതാകുന്നു."

വിവാഹത്തിൽ ദൈവേഷ്ടം എന്തെന്നു വേദഭാഗത്തിൽ നമുക്കു വരച്ചു കാണിച്ചുതന്നിരിക്കയാണ്. സ്നേഹിക്കുന്ന ഒരു നടത്തിപ്പുകാരനായി ഭർത്താവ് തീരണമെന്നാണ് ദൈവത്തിന്റെ ആഗ്രഹം. അതുപോലെ ഭർത്താവിന്നു കീഴ്പ്പെട്ട്, ബഹുമാനിച്ച്

ജീവിക്കണമെന്നാണ് ദൈവം ഭാര്യയിൽ നിന്നു പ്രതീക്ഷിക്കുന്നത്. വചനത്തിൽ പറഞ്ഞിരിക്കുന്നതുപോലെ എല്ലാ അർത്ഥത്തിലും അവർ ഒന്നായിത്തീരണമെന്നാണ് ദൈവം ഇഛിക്കുന്നത്. അങ്ങനെ ജീവിക്കുമ്പോൾ അവർക്കു മാതൃകാപരമായ ബന്ധം അന്യോന്യം സൂക്ഷിക്കാൻ കഴിയും. അതു ദൈവസന്നിധിയിൽ പ്രസാദകരാവുമായിരിക്കും.

ഈ ലോകത്തിൽ "പൂർണ്ണതയുള്ളതു അപൂർവ്വമാണ്. രണ്ടു വ്യത്യസ്ത വ്യക്തികൾ ഒന്നായിത്തീരുന്നു. അവരുടെ പശ്ചാത്തലം വേറെയാണ്, അവരുടെ ഇഷ്ടാനിഷ്ടങ്ങൾ വേറെയാണ്. അവർക്കു ലഭിച്ച അറിവും വ്യത്യസ്തമായിരിക്കും. ആകാരവും സംസ്കാരവും എല്ലാം വ്യത്യസ്തമായിരിക്കും. എല്ലാം കൊണ്ടും വൈവിധ്യമാർന്ന വ്യക്തികളാണ് രണ്ടുപേരും. ആണും പെണ്ണുമായിട്ടാണ് വളർന്നത് - പൂർണ്ണതയുള്ള ഒന്നിന്റെ രണ്ടു ഭാഗങ്ങളായി അവസാനം ഒന്നാകുന്നു. പൂർണ്ണത വരുന്നതു അവർ നിഷ്ക്കളങ്കമായി അന്യോന്യം സ്നേഹിക്കയും വീഴ്ചകൾ വരുമ്പോൾ അന്യോന്യം താങ്ങുകയും വേണം. ദൈവത്തോടുള്ള ബന്ധത്തിൽ മാത്രമേ ക്ഷമിക്കാനും പൊറുക്കാനും കഴിയു. സ്നേഹം പോറലുകളെ ഉണക്കും. ഒരാളുടെ പോരായ്മ മറ്റൊരാൾ നികത്തിയെടുക്കണം. എങ്കിലേ പൂർണ്ണത കൈവരിക്കാനാകു.

വ്യത്യസ്ത മൂല്യങ്ങളും ലക്ഷ്യങ്ങളുമായിരുന്നു വിവാഹത്തിനു മുൻപു രണ്ടുപേർക്കും ഉണ്ടായിരുന്നത്. മതപരമായ സമർപ്പണവും രണ്ടുപേർക്കും ഉണ്ടായിരുന്നതു വിഭിന്നമായിട്ടായിരുന്നു. വിവാഹത്തെ സംബന്ധിച്ചു രണ്ടുപേർക്കും പരിചയമില്ലാതെയാണ് വരുന്നത്. വേണ്ടത്ര പക്വതയില്ലാതെയാണ് വിവാഹജീവിത്തിലേക്കു പ്രവേശിക്കുന്നത്. ചിലരെ നിർബന്ധിച്ച് വിവാഹം ചെയ്യിക്കാറുണ്ട്. വേറെ ചിലർ ആലോചനയില്ലാതെ എടുത്തുചാടി അതിലേക്കു പ്രവേശിക്കുന്നവരുമാണ്. ഇവയെല്ലാം ഇതുപോലെ വേറെയും പ്രശ്നങ്ങൾക്കു കാരണമാകും. തെറ്റിദ്ധാരണ മൂലം ഉള്ള സംസ്കാരങ്ങൾ, വ്രണപ്പെടുത്തുകയും ചെയ്യാറുണ്ട്. ചിലർ ചോദിക്കാം ഇത്തരം നൂലാമാലകളെല്ലാം ഉള്ള വിവാഹജീവിതം അത്രക്കു യോഗ്യമോ? പോരാട്ടത്തിനു

യോഗ്യമോ ദാമ്പത്യ ജീവിതം!

ദാമ്പത്യജീവിതത്തെ പല രീതിയിലാണ് ആളുകൾ നോക്കി കാണുന്നത്. "പരിശോധനയും തെറ്റും ഉള്ള ഒരു പരീക്ഷണമാണ് ദാമ്പത്യജീവിതമെന്ന് അനേകർ വിലയിരുത്തിയിട്ടുണ്ട് - വിവാഹം കഴിഞ്ഞ ദമ്പതികൾ അവർക്ക് പൊരുത്തപ്പെടാൻ കഴിയുന്നില്ലെങ്കിൽ വിവാഹമോചനമാണ് അവർ കണ്ടെത്തുന്ന പ്രശ്ന പരിഹാരം. ഇതിനേക്കാൾ നല്ല മറ്റൊരാൾ ഉണ്ടാകും എന്ന തോന്നലാണ് അവരെക്കൊണ്ട് അതു ചെയ്യിക്കുന്നത്. ഇത്തരം മനോഭാവം അടിസ്ഥാനപരമായ സമർപ്പണത്തിനു ഭംഗം വരുത്തുകയാണ്. വളരെ കുറച്ചുപേർ മാത്രമാണ് സമർപ്പണം കൂടാതെ, കൊടുക്കൽ-വാങ്ങൽ, സഹിഷ്ണുത, ക്ഷമാശീലം എന്നിവ പ്രായോഗികമാക്കി അവരുടെ ബന്ധം നിശ്ചയദാർഢ്യത്തോടെ തുടരുന്നുള്ളൂ. ലോകത്തിൽ എല്ലാ രാജ്യങ്ങളിലും വിവാഹം നടക്കുന്നുണ്ട്. പല രീതിയിലും ഭാവത്തിലുമാണ്. പക്ഷേ പരസ്പര ബന്ധം വിജയകരമാകണമെങ്കിൽ അവർ ദൈവിക മാതൃക പിൻപറ്റുക തന്നെ വേണം.

വിവാഹം ദൈവം വെച്ചിരിക്കുന്നത് മാനുഷിക ബന്ധങ്ങളുടെ അടിസ്ഥാനം ഇടുന്നതിനാണ്. വിവാഹത്തിലൂടെ ഒരു കുടുംബം ഉണ്ടാകുന്നു. ആ വർദ്ധനവ് ദേശീയമായി ഭവിക്കുന്നു. അവർ വളർന്നു വികസിച്ച് സംസ്കാരവും പരിഷ്കാരവുമുള്ളവരായി തീരുന്നു. എന്നാൽ ആത്മിക പരിജ്ഞാനത്തിൽ വളർന്ന് ദൈവത്തിന്റെ നിത്യ ഭവനത്തിലേക്കു നാം ഒരുങ്ങുകയാണ് ചെയ്യുന്നത്. ഭൗതിക ഭവനവും ആത്മിക ഭവനവും രണ്ടു സ്ഥാപനം ദൈവം രൂപപ്പെടുത്തിയിരിക്കുന്നത് നമ്മുടെ ശരീരത്തിന്റെയും ആത്മാവിന്റെയും ഇഛകൾ നിറവേറ്റുന്നതിനാണ്. മനുഷ്യരുടെ ചിന്തകൾക്കപ്പുറമാണ് ദൈവത്തിന്റെ പദ്ധതി. ദൈവത്താൽ യോജിപ്പിച്ചവരെ വേർപിരിക്കുന്നതു ദൈവസന്നിധിയിൽ കുറ്റകരമാണ്. അവർ ദൈവത്തിന്റെ ഉദ്ദേശത്തെ മാനിക്കാതെ പ്രവർത്തിക്കുന്നവരാണ്. ഐകരൂപത്തിൽ ജീവിക്കണമെന്ന് ദൈവം ആഗ്രഹിച്ചു. യോജിപ്പിച്ചവരെ അതു തുടരുവാനാണ് അനുവദിക്കേണ്ടത്. പ്രശ്നങ്ങൾ ഉണ്ടായാൽ രമ്യമായി വചനാനുസരണം പരിഹാരം കണ്ടെത്തണം.

വിവാഹം അത്ര കാര്യമല്ല എന്നോ, അത്ര ഞെരുങ്ങേണ്ട തില്ല എന്നോ നിങ്ങൾ വിചാരിക്കുന്നുവെങ്കിൽ നിങ്ങളുടെ ചിന്ത ദയവായി മാറ്റുക. കാരണം കുത്തഴിഞ്ഞ പുസ്തകം വായിക്കു വാനോ അതുദ്ദേശിച്ച ഫലമോ നേടാതെ പോകും. നിങ്ങൾ തിര ഞ്ഞെടുക്കുന്നതാണ് നിങ്ങളുടെ പങ്കാളി. അതു തോന്നുമ്പോൾ വലിച്ചെറിയാനുള്ള ഒരു പാത്രമല്ല. മറിച്ച് അതിനെ വളരെ സൂക്ഷിച്ച് കാര്യക്ഷമമായി ഉപയോഗിക്കണം. പരസംഗം എന്ന ഏകകാരണമാണ് ഉപേക്ഷണത്തിനു കർത്താവ് പറഞ്ഞിരിക്കുന്ന കാരണം. ദൈവത്താൽ വിലക്കിയിരിക്കുന്നത് ആരും ചെയ്യരു ത്. ദൈവത്തെ ധിക്കരിക്കുന്നത് ദൈവകോപത്തിനിരയാക്കും. അനുസരണക്കേടുകൊണ്ട് രക്ഷപ്പെടാമെന്ന് ആരും വിചാരിക്ക രുത്. വിവാഹം സന്തോഷപ്രദവും സമാധാനപ്രദവുമാകും. ദൈവേഷ്ടം മനസിലാക്കി ജീവിച്ചാൽ ദൈവത്തെ മറന്ന് ജീവി ക്കുന്നവർക്കാണ് ദാമ്പത്യം സുഖപ്രദമായി നയിക്കാൻ കഴിയാത്തത്.

✶

# ദൈവത്തിന്റെ മുൻകരുതൽ

**ജോണി രാംസെ**

ദൈവത്തിന്റെ സ്വഭാവവിശേഷത എണ്ണിയാൽ തീരാ ത്തതാണ്. മനുഷ്യർ അധികവും അതു തിരിച്ചറിയുന്നില്ല എന്ന താണ് ഖേദകരം. ദൈവം തന്റെ മക്കളെക്കുറിച്ചു കരുതലുള്ളവ നാണ്. തന്നെ സ്നേഹിക്കുന്നവർക്കു അവൻ മുൻകരുതലും ഒരു ക്കും. അപ്പൊസ്തലനായ പൗലൊസ് തിമൊഥെയൊസിനു ഓർപ്പി ച്ചെഴുതുന്നതു വായിക്കാം. “അതു നിമിത്തം തന്നെ ഞാൻ ഇതൊ ക്കെയും സഹിക്കുന്നു. എങ്കിലും ലജ്ജിക്കുന്നില്ല. ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്നറിയുന്നു അവൻ എന്റെ ഉപനിധി ആ ദിവസം വരെ സൂക്ഷിപ്പാൻ ശക്തൻ എന്നു ഉറച്ചുമിരിക്കുന്നു” (2 തിമൊഥെയൊസ്). ഏതു ഉപദ്രവത്തിലും ദൈവം നല്കിയ

അനുഗ്രഹങ്ങൾ ദൈവം സൂക്ഷിക്കും എന്നു അവൻ പൂർണ്ണമായി വിശ്വസിച്ചിരുന്നു. പഴയ കാലത്തു ജീവിച്ചിരുന്ന യോസെഫിനെപ്പോലെ (ഉല്പത്തി 37). യഹോവയുടെ കരുതൽ ഓർത്ത് അപ്പൊസ്തലനായ പൗലൊസ് സന്തോഷിച്ചു. അബ്രഹാമന്റെ സന്തതിയെ സംരക്ഷിപ്പാനാണ് ദൈവം യോസേഫിനെ മുൻകുട്ടി അയച്ചതെന്നു യോസേഫ് തിരിച്ചറിഞ്ഞു വ്യക്തമാക്കി. യോസേഫ് അവസാനം പറഞ്ഞതു "നിങ്ങൾ എന്റെ നേരെ ദോഷം വിചാരിച്ചു, ദൈവമോ ഇന്നുള്ളതു പോലെ ബഹുജനത്തിനു ജീവരക്ഷ വരേണ്ടതിനു അതിനെ ഗുണമാക്കിത്തീർത്തു" (ഉല്പത്തി 50:20).

ആത്മിയ മനുഷ്യരുടെ ശരിയായ തീരുമാനങ്ങൾക്കനുസരിച്ചാണ് കർത്താവിന്റെ കരുതൽ പ്രവർത്തിക്കുന്നത്. ധൈര്യശാലിയായിരുന്ന മൊർദെഖായി എസ്ഥേർ രാജ്ഞിയോട്: നീ ഈ സമയത്തു മിണ്ടാതിരുന്നാൽ യെഹൂദന്മാർക്കു മറ്റൊരു സ്ഥലത്തു നിന്നു ഉദ്ധാരണവും രക്ഷയും ഉണ്ടാകും. എന്നാൽ നീയും നിന്റെ പിതൃഭവനവും നശിച്ചുപോകും. ഇങ്ങനെയുള്ളോരു കാലത്തിന്നായിട്ടല്ലയോ നീ രാജസ്ഥാനത്തു വന്നിരിക്കുന്നത്? ആർക്കു അറിയാം? (എസ്ഥേർ 4:14). ഇതേ തത്വം അപ്പൊസ്തലനായിരുന്ന പൊലൊസ് പറയുന്നുണ്ട് ഒനേസിമോസിനെക്കുറിച്ച് ഫിലെമോനു സ്വീകരിപ്പാൻ ഒരു വെല്ലുവിളിയായി പഴയ അടിമയെ തിരിച്ചെടുക്കാൻ പറയുന്നുണ്ട് "അവൻ അല്പകാലം വേറുവിട്ടു പോയതു അവനെ സദാകാലത്തേക്കും നിനക്കു ലഭിക്കേണ്ടതിന്നു ആയിരിക്കാം; അവൻ ഇനി ദാസനല്ല ദാസനു മീതെ പ്രിയ സഹോദരൻ തന്നെ, അവൻ വിശേഷാൽ എനിക്കു പ്രിയൻ എങ്കിൽ നിനക്കു ജഡസംബന്ധമായും കർത്തൃസംബന്ധമായും എത്ര അധികം? (ഫിലെമോൻ 15, 16). ദൈവം പൗലൊസിനു ഒനേസിമോസിനോടു സത്യസുവിശേഷം അറിയിക്കുവാൻ അവസരം കൊടുത്തു. പൗലൊസ് അറിയിച്ചു സുവിശേഷം ഒനേസിമോസ് അനുസ്മരിച്ചു. അങ്ങനെ ഒനേസിമോസിനെ ക്രിസ്ത്യാനിയായി തിരിച്ച് ഫിലോമോന്റെ അടുക്കലേക്ക് അയച്ചു.

ദൈവമക്കളോടു കൂടെ കർത്താവിന്റെ സാന്നിധ്യം എന്നേക്കും ഉണ്ടാകുമെന്ന് യേശു വാഗ്ദാനം ചെയ്തിട്ടുണ്ട് (മത്തായി 28:20). അവൻ ദൈവമക്കളെ ഉപേക്ഷിക്കയോ കൈവിടുകയോ ഇല്ല എന്നും ഉറപ്പ് പറഞ്ഞിട്ടുണ്ട് (എബ്രായർ 13:5). അതിനേക്കാളുപരി, പരീക്ഷണങ്ങളെ അതിജീവിക്കുവാൻ വഴിയും ഒരുക്കും. "മനുഷ്യർക്കു നടപ്പില്ലാത്ത പരീക്ഷ നിങ്ങൾക്കു നേരിട്ടിട്ടില്ല; ദൈവം വിശ്വസ്തൻ, നിങ്ങൾക്കു കഴിയുന്നതിനു മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്കു സഹിപ്പാൻ കഴിയേണ്ടതിനു പരീക്ഷയോടുകൂടെ അവൻ പോക്കുവഴിയും ഉണ്ടാക്കും" (1 കൊരിന്ത്യർ 10:13).

ദൈവത്തിന്റെ കരുതലും അത്ഭുതവും തമ്മിൽ തെറ്റിദ്ധരിച്ചിരിക്കയാണ് ചിലർ. സ്വാഭാവികമായി ദൈവം തരുന്നതാണ് ദൈവ കരുതൽ. അതായതു പ്രകൃതി നിയമത്തിനനുസരിച്ച്. പ്രകൃതി നിയമത്തിനപ്പുറമായി ദൈവം ഇന്നു അത്ഭുതം പ്രവർത്തിക്കയില്ല. നമ്മുടെ പ്രാർത്ഥനകൾക്കു ദൈവം മറുപടി നല്കുന്നതു അത്ഭുതകരമായിട്ടല്ല, മറിച്ച് പ്രകൃതി നിയമപ്രകാരമത്രേ. നമ്മുടെ ആവശ്യങ്ങൾ ദൈവം നിറവേറ്റുന്നതും അങ്ങനെ തന്നെ. ശാസ്ത്രജ്ഞന്മാരും ഡോക്ടർമാരും കണ്ടുപിടിച്ചിട്ടില്ലാത്ത പ്രകൃതിദത്തമായ ചില കാര്യങ്ങൾ ദൈവത്തിന്നറിയാം. ദൈവത്തിനു എല്ലാം അറിയാം. ഉദാഹരണമായി വൈദ്യശാസ്ത്രം കൈവിട്ട രോഗിക്കുവേണ്ടി നാം പ്രാർത്ഥിക്കുന്നുണ്ട്. ഡോക്ടർമാർ പോലും ചില ഘട്ടത്തിൽ പറയുന്നതു ഇനി ഞങ്ങളെക്കൊണ്ട് ഒന്നും ചെയ്യുവാനല്ല. ഇനി ദൈവത്തിനേ എന്തെങ്കിലും ചെയ്യാൻ പറ്റൂ. അത്തരം രോഗികളിൽ ചിലർ സുഖം പ്രാപിച്ച് വളരെ നാളുകൾ ജീവിക്കയുണ്ടായി.

അത്ഭുതങ്ങൾ വചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു ആളുകൾ വിശ്വസിക്കേണ്ടതിനാണ്. യേശു ചെയ്ത അത്ഭുതങ്ങൾ അവൻ ദൈവപുത്രനെന്നു വിശ്വസിക്കേണ്ടതിനായിരുന്നു. അപ്പൊസ്തലന്മാർ അത്ഭുതങ്ങൾ ചെയ്തതു അവർ പ്രസംഗിച്ച വചനം ദൈവത്തിന്റേതാണെന്ന് ഉറപ്പിക്കേണ്ടതായിരുന്നു (മർക്കൊസ് 16:20). അതു യേശുക്രിസ്തുവിന്റെ അധികാരത്താ

ലാണ് ചെയ്തത്. അന്ന് വചനം പൂർണ്ണമായി എഴുതപ്പെട്ടു; ഉറപ്പിച്ചു കഴിഞ്ഞു. ഇനി വീണ്ടും ആ ഉദ്ദേശത്തിന്റെ ആവശ്യമില്ല. ബൈബിൾ പൂർണ്ണമായി വെളിപ്പെട്ടു കിട്ടുന്നതുവരെ അത്ഭുതങ്ങളും അടയാളങ്ങളും ആവശ്യമായിരുന്നു. വചനം മുഴുവനും എഴുതി തീർന്ന സ്ഥിതിക്കു ഇനിയും അത്ഭുതങ്ങളെ ആശ്രയിക്കേണ്ടതില്ല (1 കൊരിന്ത്യർ 13:8-10).

ഒരു മിഷണറിയുടെ ഭാര്യയുടെ ഒരു ന്യൂസ്ലെറ്റർ അടുത്തയിടെ ഞാൻ വായിക്കുകയുണ്ടായി. അവൾ കഠിനമായ രോഗത്തിനിരയായി. രോഗശാന്തിക്കായി അവൾ പ്രാർത്ഥിച്ചു. അവളുടെ ആരോഗ്യം പുനഃസ്ഥാപിച്ചു കിട്ടി. ഇതൊരു അത്ഭുതമായിട്ടാണ് അവൾ അവകാശപ്പെട്ടത്. ആളുകൾ ഇത്തരം സംഭവങ്ങളെ അത്ഭുതമായിട്ടാണ് കരുതുന്നത്. എന്നാൽ അതല്ല നടന്നത്. അവൾ മരിച്ചു എന്നു വരികിലോ? ദൈവം ആണോ അവളെ കൊന്നത്? അവളുടെ മരണം ബൈബിളിനെ ഉറപ്പിക്കാതിരിക്കുമോ? പൊള്ളയായ ആശയങ്ങളെ നാം ആശ്രയിക്കരുത്. അതു വഴി നാം കർത്താവിന്റെ ശക്തിയെയും ഉദ്ദേശ്യത്തെയും നാം വിലകുറച്ചു കാണുകയാണ്. രോഗ പ്രതിരോധ ശക്തി പ്രകൃതിദത്തമായി തരുവാൻ ദൈവത്തിനു കഴിയും എന്നു നാം തിരിച്ചറിയണം.

നമ്മുടെ സൃഷ്ടികർത്താവിലുള്ള നമ്മുടെ വിശ്വാസം മൂലം നീതിപൂർവ്വമായ ജീവിതം നയിക്കണം. നാം കർത്താവിൽ ആശ്രയിച്ചു അവന്റെ ശക്തിയിൽ തന്നെ വിശ്വസിക്കണം. നമ്മുടെ ശക്തിയിൽ ആശ്രയിക്കാതിരിക്കണം (സദൃശവാക്യങ്ങൾ 3). നമ്മുടെ കരുതലുകൾ എല്ലാം അവനിൽ അർപ്പിക്കണം (1 പത്രൊസ് 5:7). സ്വർഗ്ഗം തരുന്ന സമാധാനത്തെ നാം കാംഷിക്കണം (യോഹന്നാൻ 14:27; 16:33). ദൈവത്തിന്റെ മുൻകരുതൽ നമ്മുടെ ആത്മാക്കളെ സൂക്ഷിക്കുന്നു. പ്രതിസന്ധിയിലൂടെ കടന്നു മരണകരമായ അവസ്ഥയിലെത്തിയ അപ്പൊസ്തലൻ പരിശുദ്ധാത്മ നിയോഗത്താൽ രേഖപ്പെടുത്തിയിരിക്കുന്നത് വായിക്കാം "എന്റെ ഒന്നാം പ്രതിവാദത്തിൽ ആരും എനിക്കു തുണ നിന്നില്ല; എല്ലാവരും എന്നെ കൈവിട്ടു അതു അവർക്കു

കണക്കിടാതിരിക്കട്ടെ. കർത്താവോ എനിക്കു തുണ നിന്നു പ്രസംഗം എന്നെക്കൊണ്ടു നിവൃത്തിപ്പാനും സകല ജാതികളും കേൾപ്പാനും എന്നെ ശക്തീകരിച്ചു. അങ്ങനെ ഞാൻ സിംഹത്തിന്റെ വായിൽ നിന്നു രക്ഷ പ്രാപിച്ചു" (2 തിമൊഥെയൊസ് 4:16-18). ദൈവ സഹായത്തിന്നും മുൻകരുതലിനും സ്വർഗ്ഗീയ രക്ഷക്കും നമുക്കു ദൈവത്തോട് നന്ദി ചെലുത്താം.

*

# പരിശുദ്ധാത്മാവിന്റെ വാസം

## വി.ഈ. ഹോവാർഡ്

പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള തെറ്റിദ്ധാരണ നിമിത്തം അനേകം ഹൃദയങ്ങളിൽ തെറ്റിദ്ധാരണ ഉണ്ടായിട്ടുണ്ട്. ബൈബിളിൽ പ്രതിപാദിച്ചിരിക്കുന്ന സത്യത്തെ അറിയാതിരിക്കുന്നതാണ് അജ്ഞതക്കും തെറ്റിദ്ധാരണക്കും കാരണം. ഇന്നത്തെ മതപരമായ കലക്കത്തിന്നുള്ള ഒരു കാരണം ബൈബിൾ പരിജ്ഞാനമില്ലായ്മയാണ്. ക്രിസ്ത്യാനിത്വത്തെ നിന്ദിക്കയും പരിഹസിക്കയും ചെയ്യുന്ന വിധത്തിൽ പരിശുദ്ധാത്മാവിന്റെ ശക്തിയെ ജനങ്ങൾക്കിടയിൽ തെറ്റിദ്ധരിപ്പിച്ചിരിക്കയാണ്. പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള പൂർണ്ണമായ വിവരങ്ങൾ ബൈബിളിൽ ദൈവം വെളിപ്പെടുത്തിയിട്ടുണ്ട്. ഏതൊരു വിഷയത്തെക്കുറിച്ചായാലും അതിന്റെ പൂർണ്ണസത്യം നമുക്ക് ആവശ്യമാണ്. സത്യസന്ധരായ നിരവധിപേർ തെറ്റായി നയിക്കപ്പെട്ടിരിക്കയാണ്. തെറ്റായ അറിവാണ് അവരെ ഇതിനിരയാക്കിയത്.

### പരിശുദ്ധാത്മാവെന്ന വ്യക്തി

ലോകം ഉണ്ടാകുന്നതിനു മുൻപു പിതാവിനോടും പുത്രനോടും കൂടെ സ്വർഗ്ഗത്തിൽ ഉണ്ടായിരുന്ന സ്വർഗ്ഗീയ വ്യക്തിയാണ് പരിശുദ്ധാത്മാവ്. അവൻ ബുദ്ധിയുള്ള സംസാരിക്കുന്ന വ്യക്തിയാണ്. മനുഷ്യർ തങ്ങളുടെ ശാരീരികവും മാനസികവുമായ തുലനാവസ്ഥ നഷ്ടപ്പെടും വിധത്തിൽ ആളുകളെ (രോ

ഗികളെ) അടിച്ചിടുകയില്ല. അത്തരം പ്രവൃത്തികൾ ഭൂതങ്ങളുടേതായിരിക്കാം. എന്നാൽ പരുശുദ്ധാത്മാവിന്റെ പ്രവൃത്തിയല്ല. വികാരത്തള്ളൽ നിമിത്തം മനസാക്ഷി തന്നെ നഷ്ടപ്പെട്ട ആളുകൾ ഇത്തരം പ്രവൃത്തികൾ പരിശുദ്ധാത്മാവിന്റെ നേരിട്ടുള്ള പ്രവൃത്തിയാണെന്ന് വിശ്വസിക്കുന്നു. അവർ പിന്നീട് തങ്ങളിൽ പരിശുദ്ധാത്മാവു വസിക്കുന്നതിനു വേണ്ടിയാണ് ഇങ്ങനെ പ്രവർത്തിക്കുന്നതെന്നും ധരിക്കുന്നു. പരിശുദ്ധാത്മാവെന്ന വ്യക്തി ദൈവ വചനം അനുസരിക്കുന്നവരുടെ ഹൃദയങ്ങളിലാണ് വസിക്കുന്നത്.

## വസ്തുവല്ല, വ്യക്തിത്വമാണ്

ശാരീരികമായ അവസ്ഥയിലല്ല പരിശുദ്ധാത്മാവ്. “ഭൂതത്തിനു അസ്ഥിയും മാംസവും ഇല്ല” (ലൂക്കൊസ് 24:39). യേശു പറഞ്ഞതാണിത്. ആത്മാവിനെ തിരിച്ചറിയാൻ പ്രയാസമില്ല. ആത്മാവിന്റെ വ്യക്തിത്വത്തെ തിരുവെഴുത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. വ്യക്തിപരമായ അവസ്ഥയാണ് പരിശുദ്ധാത്മാവിനുള്ളത്.

വ്യക്തിത്വവും ശരീരവും തമ്മിൽ വ്യത്യാസമുണ്ട്. ശരീരം ഭൗതികമാണ്, ആകൃതിയുണ്ട് പക്ഷെ വ്യക്തിത്വമില്ല. ആത്മാവില്ലാത്ത ശരീരം നിർജീവമത്രേ (യാക്കൊബ് 2:26). ആത്മാവിനു മാത്രമേ വ്യക്തിത്വത്തിന്റെ തെളിവു നല്കാൻ കഴിയു. ആത്മിയ വ്യക്തിത്വത്തിനു ഭൗതികമായ സ്വഭാവമില്ല. ജഡികമായി ആത്മിയമായവയെ വിവേചിക്കാവുന്നതല്ല. ആത്മിയ വ്യക്തിത്വം വേറിട്ടതും വിശുദ്ധവുമാണ്. ആത്മിയ വ്യക്തിത്വം ആത്മിയമായി പ്രവർത്തിക്കുന്നു. പരിശുദ്ധാത്മാവ് ശാരീരിക വ്യക്തിയല്ല, ആത്മിക വ്യക്തിയും വേറിട്ട വ്യക്തിത്വത്തിനുടമയുമാണ്. മനുഷ്യർ ഭൗതികമായി പരിശുദ്ധാത്മാവിന്റെ വെളിപ്പെടുത്തലും പ്രദർശനവും നടത്തുന്നു എന്നു പറയുമ്പോൾ അതു വ്യാജമായി വരുന്നു. കാരണം പരിശുദ്ധാത്മാവു ഭൗതികമായി തിരിച്ചറിയാവുന്നതോ അല്ലെങ്കിൽ പ്രവർത്തിക്കുന്നതോ ആയ വ്യക്തിയല്ല. ഇന്നു മനുഷ്യർ കാണിക്കുന്നതും അവകാശപ്പെടുന്നതുമായ ബാഹ്യപ്രദർശനം പരിശുദ്ധാത്മാവിന്റേതല്ല എന്നു പ്രത്യേകം പറയട്ടെ.

## പരിശുദ്ധാത്മാവിന്റെ വ്യക്തിപരമായ പ്രവൃത്തി

പരിശുദ്ധാത്മാവിന്റെ വ്യക്തിത്വം അവന്റെ പ്രവൃത്തികളിലൂടെ തെളിയിക്കപ്പെട്ടിട്ടുണ്ട്. ഒരു വ്യക്തിക്കു ചെയ്യാവുന്ന പ്രവൃത്തികളാണ് പരിശുദ്ധാത്മാവു ചെയ്തിട്ടുള്ളത്.

1. പരിശുദ്ധാത്മാവു ഉപദേശിക്കുന്നു. യേശു ശിഷ്യന്മാരോടു പറഞ്ഞു. "പരിശുദ്ധാത്മാവു വരുമ്പോൾ നിങ്ങൾക്കു സകലവും ഉപദേശിച്ചു തരും" (യോഹന്നാൻ 14:26).

2. പരിശുദ്ധാത്മാവു ശാസിക്കുന്നു. പരിശുദ്ധാത്മാവിനെ യേശുക്രിസ്തു അപ്പൊസ്തലന്മാർക്കു വാഗ്ദാനം ചെയ്തുകൊണ്ട് പറഞ്ഞു, "അവൻ വരുമ്പോൾ പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും ലോകത്തിനു ബോധം വരുത്തും (യോഹന്നാൻ 16:8).

3. പരിശുദ്ധാത്മാവു വഴി നടത്തും. അതേ വാഗ്ദാനസമയത്തു കർത്താവു പറഞ്ഞു, "അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും" (യോഹന്നാൻ 16:13).

4. പരിശുദ്ധാത്മാവിന്നു ഒരു വ്യക്തിയുടെ സ്വഭാവമാണുള്ളത്. വീണ്ടും കർത്താവു അരുളിച്ചെയ്തതു, "അവൻ സ്വയമായി സംസാരിക്കാതെ കേൾക്കുന്നതു സംസാരിക്കയും ചെയ്യും (യോഹന്നാൻ 16:13). ആത്മാവു തെളിവായി പറയുന്നു എന്നാണ് അപ്പൊസ്തലനായ പൗലൊസ് പറഞ്ഞത് (1 തിമൊഥെയൊസ് 4:1). അതുകൊണ്ട് പരിശുദ്ധാത്മാവ് കേൾക്കയും സംസാരിക്കയും ചെയ്യുന്ന വ്യക്തിയാണ്.

5. സ്വാധീനിക്കപ്പെടുന്ന സ്വഭാവമുള്ളവനാണ് പരിശുദ്ധാത്മാവ്. അവനു ദുഃഖമുണ്ടാകും (എഫെസ്യർ 4:30). പരിശുദ്ധാത്മാവിനോടു വ്യാജം പറഞ്ഞതിന്റെ ഫലം അനന്യാസും സഫീരയും അനുഭവിച്ചു (പ്രവൃത്തി 5:3). പരിശുദ്ധാത്മാവിനോടു പ്രതിരോധിക്കുവാനും തള്ളിക്കളയുവാനും കഴിയുന്നു (1 തെസ്സലൊനിക്യർ 5:19)

✶

*Watch!*

# SATHYANADAM

# TV PROGRAME

## TRUE GOSPEL MESSAGE

## Speaker:

# Bro. P.K. VARGHESE

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

കേൾക്കുക!

# സത്യനാദം

ബ്രദർ.

**പി.കെ വർഗ്ഗീസ്**

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!